**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 842** **31-01-2024 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | എസ്.സി./എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് എത്തിക്കുന്നതിനും വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാർ ഏതൊക്കെ തരത്തിലുള്ള ധനസഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കാമോ; | (എ) | പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് എത്തിക്കുന്നതിനുമായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രീ മെട്രിക് സ്കോളർഷിപ്പ്<br><br>2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്<br><br>3. സ്പെഷ്യൽ ഇൻസെന്റീവ് സ്കീം<br><br>4. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കോളർഷിപ്പ്<br><br>5. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്<br><br>16. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം<br><br>7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം<br><br>8. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവിനുള്ള ഗ്രാന്റ്<br><br>9. കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസിനുള്ള ധനസഹായം<br><br>10. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം<br><br>11. മെഡിക്കൽ/ എഞ്ചിനിയറിംഗ് പരിശീലനത്തിനുള്ള ധനസഹായം<br><br>12. സിവിൽ സർവീസ് പരിശീലനത്തിനുള്ള ധനസഹായം<br><br>13 സ്റ്റഡി ടൂറിനുള്ള ധനസഹായം |

| | | | |
|---|---|---|---|
| | | | 14. മോഡൽ പ്രീ സ്കൂൾ<br>15. പ്രീ മെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ<br>16. മോഡൽ റസിഡൻഷ്യൽ സ്കൂൾ |
| (ബി) | എസ്.സി. /എസ്.ടി. വിഭാഗത്തിന് കേന്ദ്ര സർക്കാർ നേരത്തെ നൽകിയിരുന്ന ഏതൊക്കെ ധനസഹായ പദ്ധതികളാണ് വിദ്യാഭ്യാസ മേഖലയിൽ നിർത്തലാക്കിയിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് വിദ്യാഭ്യാസ മേഖലയിൽ നൽകി വന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയിട്ടില്ല. മറിച്ച് പട്ടികജാതി വിദ്യാർഥികൾക്ക് പോസ്റ്റ്മെട്രിക്, പ്രിമെട്രിക് സ്കോളർഷിപ്പ് 100% തുക നൽകി വന്നിരുന്ന സ്ഥാനത്ത് നിലവിൽ 40:60 സംസ്ഥാന, കേന്ദ്ര അനുപാതത്തിലും പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് 25 : 75 അനുപാതത്തിലുമാണ് തുക അനുവദിച്ച് വരുന്നത്. 9,10 ക്ലാസുകളിലെ വിദ്യാർഥികൾക്ക് മാത്രമാണ് പ്രിമെട്രിക് സ്കോളർഷിപ്പിന്റെ കേന്ദ്ര വിഹിതം ലഭ്യമാകുന്നത്. 2.5 ലക്ഷം വരുമാനമുള്ളവർക്ക് മാത്രമെ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. എന്നാൽ വരുമാന പരിധി ബാധകമാക്കാതെ സംസ്ഥാനസർക്കാർ തുക പൂർണ്ണമായും അനുവദിച്ച് വരുന്നു. 1മുതൽ8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും സംസ്ഥാനം തുക പൂർണ്ണമായും അനുവദിച്ച് വരുന്നു. പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് 2022-23 വർഷം മുതൽ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ